THE VILLAGE
INTERNATIONAL SCHOOL
"We Nurture Dreams"
AIM HIGH, TOGETHER WE FLY

**WORKSHEET**
**GRADE-X**
**CHAPTER-II**

**I.**ഒറ്റ വാക്കിലോ വാക്യത്തിലോ ഉത്തരം എഴുതുക

**1.**ഖസാക്കിന്റെ ഇതിഹാസകാരൻ എന്നറിയപ്പെടുന്ന എഴുത്തുകാരൻ**?**
**i.**ടി പത്മനാഭൻ
**ii.** ഒ വി വിജയൻ
**iii.**എം ടി വാസുദേവൻ നായർ
**iv.**സക്കറിയ
**2.**കാറ്റ് ശക്തമായ സാന്നിധ്യം ആകുന്ന ഒ വി വിജയൻറെ കഥ**?**
**i.**കാറ്റിനോട്
**ii.**കാറ്റും കടലും
**iii.**കാറ്റു പറഞ്ഞ കഥ
**iv.**കടൽ തീരത്ത്
**3.** ഒ വി വിജയൻറെ വിശേഷണം അല്ലാത്തത് ഏത്**?**
**i.**പത്രപ്രവർത്തകൻ
**ii.**കാർട്ടൂണിസ്റ്റ്
**iii.**കോളമിസ്റ്റ്
**iv.**കവി
**4.**കടൽത്തീരത്ത് എന്ന പാഠം ഏത് സാഹിത്യ വിഭാഗത്തിൽപ്പെടുന്നു**?**
**i.**നോവൽ
**ii.**ഉപന്യാസം
**iii.**ചെറുകഥ
**iv.**കവിത
**5.** ഒ.വി വിജയന് ലഭിച്ച പരമോന്നത പുരസ്കാരം**?**
**i.**പത്മശ്രീ

**ii.**പത്മവിഭൂഷൻ

**iii.**പത്മഭൂഷൻ

**iv.**പത്മപ്രഭ

**6.** ഒ വി വിജയൻറെ ആദ്യനോവൽ**?**

**i.**പ്രശാന്തി

**ii.**കടൽത്തീരത്ത്

**iii.**തലമുറകൾ

**iv.**ഖസാക്കിന്റെ ഇതിഹാസം

**7.**ആർക്കാണ് വെള്ളായിയപ്പൻ കടം നൽകാൻ ഉള്ളത്**?**

**i.**നാകേലച്ചന്

**ii.** മുത്തുരാവുത്തർക്ക്

**iii.** നീലിയ്ക്ക്

**iv.** മരയ്ക്കാർക്ക്

**8.** ഒ വി വിജയൻറെ രചനകളിൽ ഉൾപ്പെടാത്തത്**?**

**i.**മധുരം ഗായതി

**ii.**പ്രവാചകൻറെ യാത്ര

**iii.**ധർമ്മപുരാണം

**iv.**ഗുരു സാഗരം

**9.**ചവിട്ടടിപ്പാതയ്ക്ക് ഇരുവശവും എന്തായിരുന്നു**?**

**i.**കവുങ്ങ് തോട്ടം

**ii.**കരിമ്പനകൾ

**iii.**വാഴത്തോട്ടം

**iv.**തെങ്ങിൻതോപ്പുകൾ

**10.**കാറ്റ് ദൈവസാന്ദ്രമായത് എവിടെയാണ്**?**

**i.**പാഴുതറ എന്ന ഗ്രാമത്തിൽ

**ii.**കരിമ്പനപ്പട്ടകളിൽ

**iii.**പുഴ വെള്ളത്തിൽ

**iv.**തെങ്ങിൻ തോപ്പിൽ

**11.**എൻറെയും നിൻറെയും ദൈവങ്ങൾ തുണക്കട്ടെ ഇങ്ങനെ പറഞ്ഞത് ആര്**?**

**i.**വെള്ളായിയപ്പൻ

**ii.**മരയ്ക്കാർ

**iii.**നീലിമണ്ണാത്തി

**iv.**കണ്ടുണ്ണി

**12.**ഊട്ടു ദൈവങ്ങളും കാരണവന്മാരും സംസാരിക്കുന്നത് പോലെ തോന്നിയത് എവിടെ**?**

**i.**കാവിൽ

**ii.**പുഴവക്കിൽ

**iii.**പനമ്പട്ടകളിൽ

**iv.**ഓർമ്മകളിൽ

**13.**കടൽത്തീരത്ത് എന്ന കഥയിൽ ജീവനുള്ള കഥാപാത്രങ്ങൾക്ക് ഒപ്പം സ്ഥാനം നേടിയത് എന്ത്**?**

**i.**കരിമ്പന

**ii.**പൊതിച്ചോറ്

**iii.**കൊലക്കയർ

**iv.**കാറ്റ്

**14.**പുഴ വെള്ളായിയപ്പനിൽ ഉണർത്തുന്ന ഓർമ്മകൾ എന്തെല്ലാം**?**

**i.**അപ്പനെ കുളിപ്പിച്ചത് മകനെ നീന്താൻ പഠിപ്പിച്ചത്

**ii.**അപ്പൻറെ ശവത്തെ കുളിപ്പിച്ചത് മകനെ കുളിപ്പിച്ചത്

**iii.**അപ്പനെയും മകനെയും കുളിപ്പിച്ചത്

**iv.**ഇതൊന്നുമല്ല

**15.**പുഴയുടെ നടുക്ക് എത്തിയപ്പോൾ വെള്ളായപ്പനെ തളർത്തിയത് എന്ത്**?**

**i.**മകനെ കുറിച്ചുള്ള ഓർമ്മകൾ

**ii.**കുളിയുടെ അനുഭവം

**iii.**മകൻ ജയിലിലാണെന്ന ചിന്ത

**iv.**അപരിചിതരുടെ സംഭാഷണം

**16.”**അപരിചിതരുടെ സ്വരങ്ങൾ കഴുത്തിലെ ചുറ്റം പിരിഞ്ഞു മുറുകി**”**ആരുടെ കഴുത്തിന് ചുറ്റും**?**

**i.**കണ്ടുണ്ണിയുടെ

**ii.**വെള്ളായിയപ്പന്റെ

**iii.**പോലീസുകാരന്റെ

**iv.**യാത്രക്കാരന്റെ

**17.**ജയിലിന്റെ പടിക്കൽ വെള്ളായിയപ്പനെ തടഞ്ഞത് ആര്**?**

**i.** പാറാവുകാരൻ

**ii.**ജയിൽ സൂപ്രണ്ട്

**iii.**നാകേലച്ചൻ

**iv.**കോമ്പി പൂശാരി

**18.**അമ്പലത്തിന്റെ നട തുറക്കാൻ കാത്തിരിക്കുന്നത് പോലെ വെള്ളായിയപ്പൻ ഇരുന്നതെവിടെ**?**

**i.**റെയിൽവേ സ്റ്റേഷനിൽ

**ii.**ജയിലിന്റെ ഗേറ്റിനു പുറത്ത്

**iii.**വീടിൻറെ പൂമുഖത്ത്

**iv.**ജയിലിന്റെ ഉമ്മറത്തെ ചാരുപടിയിൽ

**19.** ബലിക്കാക്കകൾ എവിടെനിന്നാണ് പറന്നിറങ്ങിയത്**?**

**i.**വെളിനിലങ്ങൾക്കു മുകളിൽ നിന്ന്

**ii.**വെയിലിന്റെ മുകൾ തട്ടിൽ നിന്ന്

**iii.**കടൽത്തിരകൾക്കിടയിൽ നിന്ന്

**iv.**കരിമ്പനകൾക്ക് മുകളിൽ നിന്ന്

**20.**കണ്ടുണ്ണിയുടെ നിലവിളിയെ കഥാകാരൻ വിശേഷിപ്പിച്ചത് എങ്ങനെ**?**

**i.**ശ്രവണത്തിനപ്പുറത്തുള്ള നിശബ്ദമായ നിലവിളി

**ii.**ഉച്ചസ്ഥായിയിലുള്ള നിശബ്ദമായ നിലവിളി

**iii.**നിശബ്ദതയ്ക്ക് അപ്പുറത്തുള്ള നിശബ്ദതയിൽ

**iv.**ശ്രവണത്തിനിപ്പുറത്തുള്ള ഉച്ചസ്ഥായിയിൽ ഉള്ളത്

**II.**ഉത്തരം എഴുതുക

**1.**പൊതിച്ചോറിന് കഥയിൽ സവിശേഷമായ സ്ഥാനമാണുള്ളത്. കഥ വിശകലനം ചെയ്ത് ഈ പ്രസ്താവനയോട് പ്രതികരിക്കുക.

**2.**ആകാശത്തിന്റെ ഇരുട്ടിൽ അകലെയെവിടെയോ വിടരുന്ന പുലരിയുടെ സൂചന."

"പറമ്പിലെ മഞ്ഞപ്പുല്ലിലൂടെ ആരുടെയൊക്കെയോ ദു:ഖസഞ്ചാരങ്ങളുടെ തഴമ്പായി ചവിട്ടടിപ്പാത. നീണ്ടുപോകുന്നു."

-ഗദ്യഭാഷയും കാവ്യാത്മകമാണ്. കഥയിലെ കാവ്യാത്മകമായ ഇത്തരം പ്രയോഗങ്ങൾ കണ്ടെത്തി വിവരിക്കുക.

**3.**വെള്ളായിയപ്പന്റെ ദുഃഖം ഗ്രാമത്തിന്റെ ദുഃഖമായി കഥാകൃത്ത് അവതരിപ്പിച്ചത് എങ്ങനെ**?**

**4.**മലയിൽ ആറ്റിത്തണുപ്പിച്ച വെയില്, ചുരത്തിലൂടെ മലവെള്ളം പോലെ ആർത്തിരമ്പി പാലക്കാട്ടേയ്ക്ക് വീശുന്ന കിഴക്കൻകാറ്റ്. ഊണുകഴിച്ച് പായവിരിച്ച് ഉറങ്ങാൻ കിടന്നു. വർഷങ്ങൾക്കു ശേഷം ആദ്യമായി എയർകണ്ടീഷണറില്ലാതെ ഉറങ്ങുകയാണ്. പുറത്ത് കാറ്റിന്റെ ഗാഢമായ ശബ്ദം."

"ചുരത്തിലൂടെ കടലേറ്റംപോലെ കിഴക്കൻ കാറ്റ് തിരതല്ലി."

"തസ്കരനെ വാല്മീകിയാക്കിയ ഏട്ടന്റെ കരുണ ആ കാറ്റിൽ നിറഞ്ഞു.

**(-**കാറ്റ് പറഞ്ഞ കഥ **-**ഒ.വി.വിജയൻ**)**

-ഒ.വി.വിജയന്റെ കഥകളിൽ കാറ്റ് ശക്തമായ സാന്നിധ്യമാണ്. കാറ്റ് പറഞ്ഞ കഥ, കടൽത്തീരത്ത് എന്നീ കഥകൾ വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക.

**5.**സ്നേഹബന്ധത്തിന്റെ വ്യത്യസ്തതലങ്ങൾ പ്രിയദർശനം, കടൽത്തീരത്ത് എന്നീ പാഠഭാഗങ്ങളിൽ വായിക്കാം. ഉചിതമായ സന്ദർഭങ്ങൾ കണ്ടെത്തി വിശകലനം ചെയ്ത് ഉപന്യാസം തയ്യാറാക്കുക. '

**6.**വെള്ളായിയപ്പൻ നിരക്ഷരനാണ്. എന്നാൽ സ്ഥലകാലങ്ങൾക്കനുസരിച്ച് അയാൾ പ്രതികരിക്കുന്നു. പ്രവർത്തിക്കുന്നു. വിശദീകരിക്കുക

**7.**"പിന്നെയൊന്നൊരുപകാരമേതിനോ

യെന്നെയോർത്ത് സഖീ, ഏതതോതുക;

അന്യജീവനുതകി സ്വജീവിതം

ധന്യമാക്കുമമലേ വിവേകികൾ."

"വെള്ളായിയപ്പന്റെ കൂടെ തീവണ്ടി കേറാൻ പണമുണ്ടായിരുന്നെങ്കിൽ അമ്മിണിയേടത്തിയും, മുത്തുവണ്ണനും, നാകേലച്ചനും, കോമ്പിപ്പൂശാലിയും പിന്നെ പാലുതറയിലുള്ളവരത്രയും തന്നെ കണ്ണൂരിലേക്ക് പോകുമായിരുന്നു."

"ഈ പുലർച്ചക്ക് ആരാ വരാമ്പറഞ്ഞത്?" - പാറാവുകാരൻ പരുക്കനായി പറഞ്ഞു. "ആപ്പീസ് തൊറക്കട്ടെ." ജയിലിന്റെ ഉമ്മറത്തെ ചാരുപടിയിൽ വെള്ളായിയപ്പൻ ഇരുന്നു. അമ്പലത്തിലെ നടതുറക്കാൻ കാത്തിരിക്കുന്നതുപോലെ. "

"കാർണോർക്ക് ചായയോ മറ്റോ വേണോ ?"

കണ്ടുണ്ണി ശ്രവണത്തിനപ്പുറമുള്ള ഒരു സ്ഥായിയിൽ നിലവിളിച്ചു. വെള്ളായിയപ്പൻ കരത്തു വിളിച്ചു: "മകനേ.". കണ്ടുണ്ണി മറുവിളി വിളിച്ചു: "അപ്പാ. " രണ്ടു വാക്കുകൾ മാത്രം. രണ്ടുവാക്കു കൾക്കിടയ്ക്ക് ദുഃഖത്തിൽ, മൗനത്തിൽ, അച്ഛനും മകനും അറിവുകൾ കൈമാറി.

തിരിച്ചുവരുമ്പോൾ ഞാനുണ്ടായി എന്നു വരില്ല. പക്ഷെ, എനിക്ക് നിന്റെ മനസ്സിലെങ്കിലും ജീവിക്കണം-

സൂചനകളുടെ പശ്ചാ ത്തലത്തിൽ "സ്നേഹസങ്കല്പം മലയാള സാഹിത്യത്തിൽ" എന്ന വിഷയവുമായി ബന്ധപ്പെട്ട സെമിനാർ പ്രബന്ധം തയാറാക്കുക.

**III.a.**പ്രയോഗം മാറ്റുക

**1.**വെള്ളായിയപ്പൻ വിളിച്ചു

**2.**മകനെ വെള്ളായിയപ്പൻ ഓർത്തു

**3.**മേധാവികൾ കടലാസ് പരിശോധിക്കുന്നു

**4.**അപരിചിതനെ പോലെ കണ്ടുണ്ണി വെള്ളായിയപ്പനെ നോക്കി

**5.**ഒരു പാറാവുകാരൻ വെള്ളായിയപ്പനെ തടവറയുടെ ഉള്ളുകളിലേക്ക് കൂട്ടിക്കൊണ്ടുപോകുന്നു

**b.**അംഗവാക്യം അംഗി വാക്യം എഴുതുക

**1.**വെള്ളായിയപ്പൻ യാത്ര പുറപ്പെട്ടുമ്പോൾ വീട്ടിൽനിന്നു കൂട്ടനിലവിളി ഉയർന്നു

**2.**പറമ്പിലെ മഞ്ഞ പുല്ലിലൂടെ ആരുടെയൊക്കെയോ ദുഃഖസഞ്ചാരങ്ങളുടെ തഴമ്പായി ചവിട്ടടിപ്പാത നീണ്ടു പോകുന്നു

**3.**പുഴകടന്ന് അപ്പുറത്തെ മേട്ട കയറുവോളം വെള്ളായിയപ്പൻ കരഞ്ഞു